പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4233 — 20.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. പി.സി. ജോർജ് — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതി |

| | | | |
|---|---|---|---|
| | | | ക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക് സ് പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്നപേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിന് ശേഷം ശരാശരി 78% ആയിരുന്ന fleet utilization ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം idling ആയിരുന്ന |

| | | | |
|---|---|---|---|
| | | | ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞത് കാരണവും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞത് മൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഫ് -റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹനഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി - യ്ക്ക് നിരത്തിൽ ഓടുന്നതിനായി ബസ്സുകളുടെ കുറവുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ് വിഭാഗത്തിൽപ്പെടുന്നവയിൽ കാലാവധി കഴിയുന്ന മുറയ്ക്ക് മാറ്റുന്നതിലേക്ക് കുറവ് ഉണ്ട്. ഇതിനായി പുതുതായി 100 പൂർണ്ണ നിർമ്മിത ബസുകൾ വാങ്ങുന്നതിനായി ഓർഡർ നൽകുകയും ഇതിൽ 20 എണ്ണം നിരത്തിലിറക്കുകയും ചെയ്തു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിന് 500 ബസുകൾ അടക്കം 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി - യിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകൾ ഉണ്ടോ; വിശദമാക്കുമോ? | (ഡി) | കണ്ടക്ടർ തസ്തികയിൽ നിലവിൽ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം അവശേഷിക്കുന്ന 522 എണ്ണവും 2017-ലെ പ്രതീക്ഷിത ഒഴിവുകളായ 219 എണ്ണവും ഉൾപ്പെടെ ആകെ 741 ഒഴിവുകളുണ്ട്. |

| | | | |
|---|---|---|---|
| | | | ഡ്രൈവർ തസ്തികയിൽ 01/2017 മുതൽ 12/2017 വരെയുള്ള 765 പ്രതീക്ഷിത ഒഴിവു കളും ഉണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. യെ പുനഃരുദ്ധരിക്കുന്നതിനുവേണ്ടി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിനു വിധേയമായി ജീവന ക്കാരുടെ അനുപാതം ക്രമപ്പെടുത്തിയതിനു ശേഷം മാത്രമേ മേൽ പ്രസ്താവിച്ച ജീവന ക്കാരുടെ ഒഴിവ് സംബന്ധിച്ച് അന്തിമ നടപടി കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**